നമ്പർ: 106/2008

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ**
**ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**മാർ തോമ്മാശ്ലീഹായുടെ സിംഹാസനത്തിൻമേൽ**
**ആരൂഢനായിരിക്കുന്ന**

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും
# മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പ്രസിഡണ്ടും ആയ
# മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമുക്ക് എത്രയും പ്രിയപ്പെട്ടിരിക്കുന്ന നമ്മുടെ........................................................................................................

........................................................................................................പള്ളി വികാരിയും, ദേശത്തു പട്ടക്കാരും, പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്,

കർത്താവിൽ പ്രിയരേ,

നമ്മുടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ (മലങ്കര അസോസിയേഷന്റെ) ഒരു യോഗം താഴെപറയുന്ന വിഷയങ്ങളെപ്പറ്റി ആലോചിച്ച് തീരുമാനം ചെയ്യുന്നതിന് പാമ്പാക്കുട, എം.റ്റി.എം. ഹയർ സെക്കണ്ടറി സ്കൂൾ അങ്കണത്തിൽവച്ച് 2008 സെപ്റ്റംബർ മാസം 11-ാം തീയതി വ്യാഴാഴ്ച പകൽ ഒരു മണി മുതൽ നമ്മുടെ അദ്ധ്യക്ഷതയിൽ നടത്തുന്നതിന് നാം തീരുമാനിച്ച് പ്രഖ്യാപിക്കുന്നു.

## ആലോചനാ വിഷയങ്ങൾ

1. മേൽപ്പട്ട സ്ഥാനത്തേക്ക് ഏഴുപേരെ തെരഞ്ഞെടുക്കുക.
2. മലങ്കര അസോസിയേഷൻ പ്രസിഡന്റിന് ആവശ്യമെന്ന് ബോധ്യമുള്ളതും മുൻകൂട്ടി അനുവദിക്കുന്നതുമായ ഇതര വിഷയങ്ങൾ പരിഗണിച്ച് യുക്തമായ തീരുമാനങ്ങൾ ചെയ്യുക.

അസോസിയേഷൻ യോഗ നടത്തിപ്പു സംബന്ധിച്ചുള്ള ക്രമീകരണങ്ങളും തെരഞ്ഞെടുപ്പു സംബന്ധിച്ചുള്ള നടപടിചട്ടങ്ങളും, അസോസിയേഷൻ യോഗത്തിലേക്ക് പള്ളി ഇടവക പ്രതിപുരുഷന്മാർഹാജരാക്കേണ്ട "അധികാര പത്രവും" ഇതോടൊന്നിച്ച് അയയ്ക്കുന്നു.

പ്രസ്തുത "അധികാര പത്രം" പൂരിപ്പിച്ച് നിലവിലുള്ള വികാരി സാക്ഷ്യപ്പെടുത്തി അസോസിയേഷൻ യോഗം കൂടുന്ന ദിവസം യോഗസ്ഥലത്ത് ഹാജരാക്കേണ്ടതാണ്.

അസോസിയേഷൻ യോഗം നടത്തുന്നതു സംബന്ധിച്ചും മറ്റുമുള്ള കൂടുതൽ വിവരങ്ങൾ നമ്മുടെ കാതോലിക്കേറ്റ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

*(മറുവശം)*

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ.**

2008 ഏപ്രിൽ മാസം 10 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

കോപ്പി 1) നിലവിലുള്ള മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്ക്
2) നിലവിലുള്ള മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ അംഗങ്ങൾക്ക്